**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141** **29-09-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാലാവസ്ഥാമാറ്റം നിമിത്തം കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന പൂർണ്ണ നഷ്ടങ്ങൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി വഴിയും സഹായം നൽകുന്നുണ്ട്.<br><br>ഈ പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് വിള പൂർണ്ണമായും നശിച്ചില്ലെങ്കിലും കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ വെതർസ്റ്റേഷനുകളുടെ സഹായത്തോടെ കണ്ടെത്തി കാലാവസ്ഥാ വ്യതിയാനം ഉല്പാദനത്തിൽ ഉണ്ടാക്കിയേക്കാവുന്ന കുറവിനെ അടിസ്ഥാനമാക്കിയും വിജ്ഞാപനം ചെയ്ത Term ഷീറ്റുകൾ പ്രകാരവും ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നുണ്ട്. |
| (ബി) | ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനിയാണ് നടത്തിപ്പ് ഏജൻസി. |
| (സി) | ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില. പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, |

| | | | |
|---|---|---|---|
| | | | കുതിരവാലി) എന്നീ വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ